# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2275 04.11.2019-ൽ മറുപടിക്ക്

## നെറുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം സംരക്ഷിത സ്മാരകമാക്കാൻ നടപടി

**ചോദ്യം**

ശ്രീ.അബ്ദുൽ ഹമീദ് പി.

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നെറുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നുണ്ടോ; | (എ) | മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നെറുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുവാനുള്ള നടപടികൾ പുരാവസ്തു വകുപ്പ് സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ക്ഷേത്രത്തിന്റെ റവന്യൂ വിശദവിവരം ജില്ലാ കലക്ടറിൽ നിന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; ആയത് സംബന്ധിച്ച് ജില്ലാ കലക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | മലപ്പുറം ജില്ലാ കളക്ടറോട് റവന്യൂ വിശദവിവരം ആവശ്യപ്പെട്ടിരുന്നു. ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (സി) | ഇതു സംബന്ധിച്ച പുരാവസ്തു വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ എ 2 -1458/2018/ഡി.എ. നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്ന തുടർനടപടികൾ വിശദമാക്കാമോ? | (സി) | മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നെറുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം പഴശ്ശിരാജാ മ്യൂസിയം ചാർജ്ജ് ഓഫീസർ പരിശോധിച്ചിരുന്നു. ചാർജ്ജ് ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ക്ഷേത്രത്തിന്റെ പുരാവസ്തു പ്രാധാന്യം കണക്കിലെടുത്ത് സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുവാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് റവന്യൂ വിശദവിവരത്തിനായി മലപ്പുറം ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**